ചോദ്യോത്തരം
മുജീബ്

# അറബ് വസന്തവും അൽഖാഇദയും

■ *സാലിം ചോലയിൽ, ചെർപ്പുളശ്ശേരി*

*ചോദ്യം: "അറബ് മുന്നേറ്റത്തെ റാഞ്ചാൻ അൽഖയ്ദക്കായില്ല. ലാദന്റെ ചിത്രമോ അൽഖയ്ദയുടെ കൊടിയോ അറബ് രാജ്യങ്ങളുടെ തലസ്ഥാനങ്ങളിലെ തെരുവുകളിൽ പ്രകടനം നടത്തിയ ലക്ഷോപലക്ഷം ജനസഞ്ചയത്തെ അലങ്കരിച്ചില്ല. പക്ഷേ, നമ്മൾ ഇപ്പോഴും പറഞ്ഞുനടക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട ഇസ്‌ലാമിക സംഘടനകൾ സൂത്രത്തിലുള്ള അൽഖയ്ദകളാണെന്നാണ്. അതായത് ആഴത്തിലേക്ക് ചെല്ലുമ്പോൾ ഇസ്‌ലാമികലോകം നമ്മളുമായി നിത്യമായ നാഗരിക സംഘർഷത്തിലേർപ്പെട്ടിരിക്കുകയാണെന്നും നമ്മൾ അവരെ ഭയക്കുകയും വെറുക്കുകയും വേണമെന്നും (മാതൃഭൂമി ആഴ്ചപ്പതിപ്പ്, മാർച്ച് 17-23 റോബർട്ട് ഫിസ്‌കിന്റെ ലേഖനം. 'ഭീകരവിരുദ്ധ യുദ്ധം പടിഞ്ഞാറിന്റെ പുതിയ മതം'). ഉപരിസൂചിത വീക്ഷണത്തെ മുജീബ് നോക്കിക്കാണുന്നതെങ്ങനെ?*

**ഇ**സ്രയേലിനും സയണിസ്റ്റ് രാഷ്ട്രത്തെ സംരക്ഷിക്കുന്ന അമേരിക്കക്കുമെതിരെ പൊരുതാൻ ഉസാമ ബിൻ ലാദിൻ സ്ഥാപിച്ച അൽഖാഇദ വളരെ പരിമിതമായ പ്രദേശങ്ങളിൽ ചില ഓപ്പറേഷനുകൾ നടത്തി എന്നത് വാസ്തവമാണ്. എന്നാൽ, ബിൻലാദിനും മറ്റു ചില പ്രമുഖരും കൊല്ലപ്പെട്ടതോടെ അൽഖാഇദയുടെ പ്രഹര ശക്തി സാരമായി കുറഞ്ഞിട്ടുണ്ടെന്നാണ് നിരീക്ഷണം. പക്ഷേ ഇവാഞ്ചലിസ്റ്റുകളും സയണിസ്റ്റുകളും സാമ്രാജ്യത്വത്തിന്റെ പൂർണ രക്ഷാകർതൃത്വത്തിൽ ഇസ്‌ലാമിനും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കുമെതിരെ ശക്തിപ്പെടുത്തിയ കുരിശുയുദ്ധം തുടരേണ്ടതിന് അൽഖാഇദ സർവവ്യാപിയായ മഹാവിപത്താണെന്ന് വരുത്തിത്തീർക്കേണ്ടത് അനുപേക്ഷ്യമാണ്. ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളായ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ, ജമാഅത്തെ ഇസ്‌ലാമി, ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ വകഭേദങ്ങളായ തുനീഷ്യയിലെ അന്നഹ്ദ, തുർക്കിയിലെ എ.കെ.പി തുടങ്ങിയവക്കൊന്നും അൽഖാഇദയുമായി വിദൂരബന്ധം പോലുമില്ല. അവയൊക്കെ ഇസ്‌ലാമിക ജിഹാദിന്റെ പേരിലുള്ള ഭീകര കൃത്യങ്ങളെ അസന്ദിഗ്ധമായി തള്ളിപ്പറയുകയും ചെയ്യുന്നു. സമാധാനപരവും ജനാധിപത്യപരവും ധാർമികവുമായ പരിവർത്തനമാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ലക്ഷ്യം. പക്ഷേ, ഈ യാഥാർഥ്യം അംഗീകരിച്ചാൽ അവയെ ഉന്നംവെക്കാനോ തീവ്രവാദവിരുദ്ധ യുദ്ധത്തിന്റെ മറവിൽ മുസ്‌ലിം സമൂഹത്തെ ആക്രമിക്കാനോ സാധ്യമല്ലെന്ന തിരിച്ചറിവിൽ പാശ്ചാത്യ-പൗരസ്ത്യ ഇസ്‌ലാം വിരുദ്ധ ശക്തികൾ ഗീബൽസിയൻ പ്രചാരണ തന്ത്രം സ്വീകരിച്ച് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കാകെ ഭീകരമുദ്രകുത്തുകയാണ്. നിഷ്പക്ഷതയും ആർജവവും കൈമുതലായ റോബർട്ട് ഫിസ്‌ക്കിനെ പോലുള്ള ചിന്തകർ സത്യം തുറന്നെഴുതുന്നതിൽ അവരെ അഭിനന്ദിക്കണം. ■

# മുർസിയും ഇഖ്‌വാനും

■ *പി.വി.സി മുഹമ്മദ്, പൊന്നാനി*

*മുർസി ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പ്രതിനിധിയാണ്. ഇഖ്‌വാനുൽ മുസ്‌ലിമൂൻ ഒരു രാഷ്ട്രീയ പാർട്ടിയല്ല. സൈദ്ധാന്തിക തലത്തിലല്ലാതെ പ്രായോഗിക തലത്തിൽ രാഷ്ട്രീയം അത് ഇതുവരെ കൈകാര്യം ചെയ്തിട്ടില്ല. മുർസിയുടെ പ്രസിഡന്റ് എന്ന നിലക്കുള്ള പ്രായോഗികാവസ്ഥയും ഇഖ്‌വാന്റെ സിദ്ധാന്തവാശികളും തമ്മിലെ ശീതസമരം ഒരു രഹസ്യമല്ല. പ്രായോഗിക രംഗത്ത് തികച്ചും വ്യത്യസ്തമായ ഒരു റോളാണ് ഈജിപ്ഷ്യൻ രാഷ്ട്രീയം ആവശ്യപ്പെടുന്നത്. നീണ്ട കാലം ഫലത്തിൽ അമേരിക്കൻ കോളനിയായി വർത്തിച്ചതിന്റെ ഭൗതികവും മാനസികവുമായ ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഈജിപ്ത്. അമേരിക്ക, ഖത്തർ, സുഊദി സഹായമാണ് ആ രാജ്യത്തെ ഇന്നും ജീവിപ്പിച്ചു നിർത്തുന്നത്. ഇത് സൃഷ്ടിക്കുന്ന പരിമിതികളിൽ നിന്ന് രക്ഷ നേടി തികച്ചും സ്വതന്ത്രമായ നിലപാട് സ്വീകരിക്കാൻ ഏറെ പണിപ്പെടേണ്ടിവരും (മുർസിയുടെ ഇന്ത്യാ സന്ദർശനം, ചന്ദ്രിക മുഖപ്രസംഗം 25-03-2013). പ്രതികരണം?*

കാലത്തിന്റെയും ലോകത്തിന്റെയും മാറ്റങ്ങളെക്കുറിച്ച് അവബോധവും സാഹചര്യങ്ങളുടെ താൽപര്യങ്ങളെപ്പറ്റി നല്ല ബോധ്യവുമുള്ള പ്രസ്ഥാനമാണ് പതിറ്റാണ്ടുകൾ നീണ്ട അഗ്നി പരീക്ഷണങ്ങളെ അതിജീവിച്ചു ജനപ്രീതിയാർജിച്ച ഇഖ്‌വാനുൽ മുസ്‌ലിമൂൻ. അറബ് വസന്തം സൃഷ്ടിക്കുന്നതിൽ നിർണായക പങ്കുവഹിച്ച ഇഖ്‌വാൻ, പുനഃസ്ഥാപിക്കപ്പെട്ട ജനാധിപത്യത്തിന്റെ പ്രതലത്തിൽ തെരഞ്ഞെടുപ്പിനെ നേരിടാനൊരുങ്ങിയപ്പോൾ ലോകവും കാലവും മാറി എന്ന് മനസ്സിലാക്കിത്തന്നെയാണ് ഫ്രീഡം ആന്റ് ഡവലപ്മെന്റ് പാർട്ടിക്ക് രൂപം നൽകിയതും പക്വമതിയായ മുഹമ്മദ് മുർസിയെ പ്രസിഡന്റ് പദവിയിലേക്ക് മത്സരിപ്പിച്ചതും. ഫാറൂഖ് രാജാവിന്റെ കാലത്ത് സ്വന്തമായി മത്സരിക്കാൻ അനുവാദം ഇല്ലാതിരുന്നപ്പോൾ വഫ്ദ് പാർട്ടിയുടെ ടിക്കറ്റിൽ മത്സരിച്ചു ജയിച്ച പാരമ്പര്യം പോലും ഇഖ്‌വാന് ഉണ്ടുതാനും.

ഹുസ്നി മുബാറക്കും സിൽബന്തികളും നക്കിത്തുടച്ച പൊതുഖജനാവ് അനന്തരമായി കിട്ടിയ മുർസിക്ക് വിദേശ സഹായം കൂടാതെ ഈജിപ്തിനെ സ്വന്തം കാലിൽ നിർത്താൻ കഴിയില്ലെന്ന തിരിച്ചറിവ് ഉണ്ടായതിനാൽ തന്നെയാണ് അദ്ദേഹം അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ സഹായം തേടുന്നതും. ജനപിന്തുണ ഇല്ലെന്ന് തീർച്ചപ്പെട്ട മതേതര പാർട്ടികളും നേതാക്കളും ജനാധിപത്യവിരുദ്ധമായ നീക്കങ്ങളിലൂടെ മുർസിയെ താഴെയിറക്കാനും ഇഖ്‌വാനെ തകർക്കാനും ശ്രമിക്കുന്നതാണ് ഇപ്പോഴത്തെ ഏറ്റവും വലിയ തലവേദന. ഇസ്‌ലാംവിരുദ്ധ ശക്തികളുടെ കൈകളിൽ പാവകളിക്കുന്ന മീഡിയയുടെ പിന്തുണയും ഈയവിശുദ്ധ സമരത്തിനുണ്ട്. എന്നാൽ, തീയിൽ കുരുത്തത് വെയിലത്ത് വാടില്ലെന്ന പാഠം ഇഖ്‌വാൻ മുമ്പേ കർമപഥത്തിൽ തെളിയിച്ചതാണ്. ■

# അറബ് വസന്തത്തിനെതിരെ കമ്യൂണിസ്റ്റുകാർ

■ **കെ.വി ഖയ്യൂം, പുളിക്കൽ**

*രക്തരഹിത വിപ്ലവത്തിലൂടെ തികച്ചും ജനാധിപത്യരീതിയിൽ ഏകാധിപതികളെ കടപുഴക്കിയെറിഞ്ഞ അറബ് വസന്തത്തെ കമ്യൂണിസ്റ്റുകളും അവരുടെ പ്രസിദ്ധീകരണങ്ങളും സർവാത്മനാ സ്വാഗതം ചെയ്തില്ലെന്ന് മാത്രമല്ല, ഇന്നും അവരുടെ ഒട്ടുമിക്ക പത്രപ്രസിദ്ധീകരണങ്ങളിലും അറബ് വസന്താനന്തര രാജ്യങ്ങളെ താഴ്ത്തിക്കെട്ടാൻ വല്ലപുൽത്തുരുമ്പും കിട്ടുമോയെന്ന് കണ്ണിലെണ്ണ ഒഴിച്ച് കാത്തിരിക്കുന്ന അവസ്ഥ കാണാം. ഗസ്സ, ഈജിപ്ത്, തുനീഷ്യ തുടങ്ങിയ രാജ്യങ്ങളെ കുറിച്ചൊക്കെ എഴുതുമ്പോൾ ഒരു 'തൊഗാഡിയൻ ശൈലി' വരികൾക്കിടയിൽ കടന്നുകൂടുന്നു. 02-04-2013 ലെ ദേശാഭിമാനിയിലെ 'സ്ത്രീ' സപ്ലിമെന്റിലെ പെൺജാലകത്തിൽ എ. ശ്യാം എഴുതിയ 'ആമിന തുറന്നുവിട്ട കൊടുങ്കാറ്റ്' വായിച്ചാൽ സ്ത്രീകളുടെ മോചനത്തിനായി തുനീഷ്യയിൽ ആമിന ഒരു മഹാവിപ്ലവം നയിക്കുന്നതായി തോന്നും:*

*"അറബ് വസന്തത്തിന് തിരികൊളുത്തിയ തുനീഷ്യ മറ്റൊരു പ്രക്ഷോഭത്തിന്റെ കേന്ദ്രബിന്ദുവാകുന്നു. ഈ പ്രക്ഷോഭം യൂറോപ്യൻ രാജ്യങ്ങളിലേക്കും പടർന്നിരിക്കയാണ്. പത്തൊമ്പതുകാരിയായ 'ആമിന ടൈലർ' തുനീഷ്യയിലെ മതയാഥാസ്ഥിതിക സദാചാരവാദികളെ വെല്ലുവിളിച്ച് തന്റെ മാറിൽ സ്ത്രീ സ്വാതന്ത്ര്യ മുദ്രാവാക്യങ്ങൾ എഴുതി 'ഫെമൻ തുനീഷ്യ'യുടെ ഫേസ് ബുക്കിൽ രണ്ട് ചിത്രങ്ങൾ പോസ്റ്റ് ചെയ്തതോടെയാണ് വിവാദങ്ങൾക്ക് തുടക്കം.... 'സൈനലബിദീൻ ബെൻഅലിയുടെ സ്വേഛാധിപത്യം വീണപ്പോൾ തുനീഷ്യക്ക് കിട്ടിയത് ജനാധിപത്യമല്ല മതാധിപത്യമാണെന്ന തിരിച്ചറിവാണ് മതസദാചാരവാദികൾക്കെതിരെ ശരീരം സമരവേദിയാക്കാൻ ആമിനയെ പ്രേരിപ്പിച്ചത്. തുനീഷ്യയിലെ സദാചാരപാലന കമ്മീഷന്റെ തലവനായ യാഥാസ്ഥിതിക വഹാബി സലഫി പ്രഭാഷകൻ അൽമി ആദിൽ ആമിനയെ കല്ലെറിഞ്ഞ് കൊല്ലേണ്ടതാണെന്ന് വിധിച്ചതോടെ ഫെമന്റെ നേതൃത്വത്തിൽ പാശ്ചാത്യ രാജ്യങ്ങളിൽ പ്രതിഷേധമുയർന്നു."*

*ഇത് സപ്ലിമെന്റിലെ ഒരു കോളം മാത്രം. ഇനി ലോക വാർത്തകളും വിശകലനങ്ങളും വിലയിരുത്തിയാൽ അറബ് വസന്തം ഒരു മഹാ അപരാധമായി മാറിയ പോലെ തോന്നും.*

*യഥാർഥത്തിൽ കമ്യൂണിസ്റ്റുകൾ ഉൾപ്പെടെ പങ്കുചേർന്ന അറബ് വസന്തം ഇസ്‌ലാമിസ്റ്റുകളുടെ കൈകളിലേക്ക് എത്തുമെന്ന് ഇവർ പ്രതീക്ഷിച്ചിരുന്നില്ലേ. കർസായിമാരെ പോലുള്ളവരെ പകരം പ്രതിഷ്ഠിക്കാൻ കഴിയാത്തതിലുള്ള അമർഷമാണോ ഇപ്പോൾ വരികൾക്കിടയിലൂടെ ഒഴുകുന്നത്? അതോ, റാശിദുൽ ഗനൂശിയുടെ ജനാധിപത്യ തുനീഷ്യയെ തകർക്കാനുള്ള മുൻഭരണാധികാരികളുടെ കാലത്തെ ഏജന്റുമാർ നടത്തുന്ന കുത്സിത ശ്രമങ്ങളെ മാത്രം എടുത്തുകാണിക്കുന്ന മാധ്യമ സിൻഡിക്കേറ്റിന്റെ ഉപജാപങ്ങളോ?*

അടിസ്ഥാനപരമായി വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തിൽ കെട്ടിപ്പടുത്ത കമ്യൂണിസ്റ്റ് പാർട്ടികൾക്ക് മതത്തെയോ ഇസ്‌ലാമിനെയോ സ്വാഭാവികമായും അംഗീകരിക്കാനാവില്ല. പാർലമെന്ററി ജനാധിപത്യത്തിന്റെ പാത സ്വീകരിക്കാൻ നിർബന്ധിതമായ ചില കമ്യൂണിസ്റ്റ് പാർട്ടികൾ വോട്ട് എന്ന യാഥാർഥ്യത്തെ അഭിമുഖീകരിക്കുമ്പോൾ മതവിശ്വാസികളുടെ നേരെ മൃദുസമീപനം സ്വീകരിക്കേണ്ടിവരുന്നു എന്നേയുള്ളൂ. അന്നേരവും സ്വന്തം അണികളെ മതമുക്തരാക്കാൻ തന്നെയാണ് പരമാവധി നിഷ്കർഷിക്കുക. ഇന്ത്യയിലെ കമ്യൂണിസ്റ്റ് പാർട്ടികളും ഇതിന്നപവാദമല്ല. അതേസമയം സാമ്രാജ്യത്വമാണ് ഇന്നത്തെ ലോകത്ത് ഏറ്റവും കൊടിയ വിപത്ത് എന്ന് അനുഭവങ്ങൾ ബോധ്യപ്പെടുത്തിയിരിക്കെ അതിന്നെതിരായ പോരാട്ടത്തിൽ മതവിശ്വാസികളെ കൂടി പങ്കാളികളാക്കേണ്ട നിർബന്ധിതാവസ്ഥ കമ്യൂണിസ്റ്റ് പാർട്ടികൾക്കുണ്ട്. ഈ പ്രശ്നത്തിലാണ് ചിലപ്പോഴൊക്കെ സി.പി.എം ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പിന്തുണ നേടു

ന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിവരുന്നത്. അപ്പോഴും അതുമൂലം ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടുകൂടെന്ന നിഷ്‌ക്കർഷ അവർക്കുണ്ട്. ഇതുമൂലമുള്ള ആശയക്കുഴപ്പവും കമ്യൂണിസ്റ്റ് മാധ്യമങ്ങളെയും ബുദ്ധിജീവികളെയും ബാധിച്ചതായും കാണാം.

ഈ പശ്ചാത്തലത്തിൽ വേണം അറബ് വസന്തത്തെക്കുറിച്ച മാർക്‌സിസ്റ്റ് വിശകലനങ്ങളെ നോക്കിക്കാണാൻ. തുനീഷ്യയിലെ സൈനുൽ ആബിദീൻ ബിൻ അലിയോ ഈജിപ്തിലെ ഹുസ്‌നിമുബാറക്കോ സ്ഥാനഭ്രഷ്ടരാക്കപ്പെടുന്നതിന് മുമ്പ് സാമ്രാജ്യത്വദാസരായ ഈ സ്വേഛാധിപതികൾക്കെതിരെ കാര്യമായൊന്നും തൂലിക ചലിപ്പിച്ചവരല്ല ഇന്ത്യയിലെ ഇടുതപക്ഷ ബുദ്ധിജീവികൾ. അവർക്കെതിരെ അതിശക്തമായ ജനരോഷവും ജനകീയ പ്രക്ഷോഭവും ഉയർന്നപ്പോൾ കമ്യൂണിസ്റ്റുകൾക്കും അതിനെ പിന്താങ്ങേണ്ടിവന്നു. എന്നാൽ, ജനാധിപത്യപരമായ തെരഞ്ഞെടുപ്പുകളിലൂടെ ഇസ്‌ലാം അനുകൂല ശക്തികൾ അധികാരത്തിൽവരുന്നു എന്ന് കണ്ടപ്പോൾ മുൻ സ്വേഛാധിപതികൾ തന്നെയായിരുന്നു ഇതിലും ഭേദമെന്ന മനോഭാവമാണ് മാർക്‌സിസ്റ്റ് കോളമിസ്റ്റുകൾക്കും ബുദ്ധിജീവികൾക്കും. അധാർമികവും സദാചാരനിരപേക്ഷവുമായ മുതലാളിത്ത സംസ്‌കാരത്തെ ഇസ്‌ലാമിക സംസ്‌കാരത്തേക്കാൾ അവർ സ്വാഗതം ചെയ്യുന്നു എന്ന വസ്തുത കൂടി ഈ പ്രതികരണത്തിൽ അന്തർഭവിച്ചിരിക്കുന്നു. മറ്റൊന്നു മുൻസോവിയറ്റ് യൂനിയൻ, ചൈന എന്നീ ശക്തികളുമായി ചില സ്വേഛാധിപതികൾക്കുണ്ടായിരുന്ന ബന്ധവും മാർക്‌സിസ്റ്റ് നിലപാടിനെ സ്വാധീനിക്കുന്നതാണ്. ഉദാഹരണത്തിന്, അരലക്ഷത്തിലധികം പൗരന്മാരെ കൊന്നുതള്ളിയ സിറിയൻ ഏകാധിപതി ബശ്ശാറുൽ അസദിനോടാണ് നമ്മുടെ മാർക്‌സിസ്റ്റ് മീഡിയക്ക് ഇപ്പോഴും അനുഭാവം. അവസാന വിശകലത്തിൽ ഇത് ജനിതകരോഗമാണ്, ഭേദപ്പെടുക എളുപ്പമല്ല. ■

# ഹജ്ജ് ക്വാട്ടയിലെ ദുർവിനിയോഗം

■ ***ഉമർ.എ, വെങ്ങന്നൂർ***

*സ്വകാര്യ ഹജ്ജ് ക്വാട്ടയിൽ കേന്ദ്ര സർക്കാർ നേരിട്ട് ഹാജിമാരെ തെരഞ്ഞെടുക്കണമെന്നാവശ്യപ്പെട്ട് കേരള ജമാഅത്തെ ഇസ്‌ലാമി, സുപ്രീം കോടതിയുടെ പരിഗണനയിലുള്ള ഹജ്ജ് കേസിൽ കക്ഷി ചേർന്നുകൊണ്ട് ആവശ്യപ്പെട്ടതായി പത്രങ്ങളിൽ വായിക്കാനിടയായി. കേരളത്തിൽ നിന്ന് നാളിതുവരെ സ്വകാര്യ പങ്കാളിത്തത്തിൽ ഹജ്ജിന് കൊണ്ടുപോകുന്നവരിൽ കൂടുതലും വിവിധ മതസംഘടനയുടെ ഗ്രൂപ്പുകളോ അവർക്ക് ബന്ധമുള്ള ഏജൻസികളോ അവർക്ക് ബന്ധമുള്ള ഏജൻസികൾ മുഖേനയോ ആണ്. ജമാഅത്തെ ഇസ്‌ലാമിക്ക് സ്വകാര്യ ക്വാട്ട അനുവദിച്ചു കിട്ടാത്തതിനാൽ അത് മറ്റാർക്കും വേണ്ട എന്ന സങ്കുചിത ചിന്തയാണ് ഇങ്ങനെ സുപ്രീം കോടതിയെ സമീപിച്ചതിന്റെ പിന്നിലെ കാരണമെന്നും, ഇത് ഹാജിമാരുടെ എണ്ണം കുറക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്നും മതസംഘടനകളുമായി ബന്ധപ്പെട്ട ചിലർ പ്രചരിപ്പിക്കുന്നു. മുജീബിന്റെ പ്രതികരണം?*

**സു**പ്രീം കോടതിയിൽ ജമാഅത്തെ ഇസ്‌ലാമി ബോധിപ്പിച്ചതിനെക്കുറിച്ച തെറ്റായ വിവരങ്ങളും സ്വകാര്യ ഏജൻസികൾക്ക് വേണ്ടി ചിലർ നടത്തുന്ന ദുഷ്പ്രചാരണവുമാണ് തെറ്റിദ്ധാരണക്കടിസ്ഥാനം. ഇന്ത്യക്ക് അനുവദിച്ച ഹജ്ജ് ക്വാട്ടയിൽ വർഷംതോറും അര ലക്ഷത്തോളം ആളുകൾ സ്വകാര്യ ടൂർ ഓപ്പറേഷൻ ഏജൻസികൾ മുഖേനയാണ് തീർഥാടനത്തിന് പോവാറ്. കടുത്ത സാമ്പത്തിക ചൂഷണത്തിന്റെ ഇരകളാവുന്നതിന് പുറമെ മതിയായ സേവനം ലഭിക്കുന്നുമില്ല എന്ന പരാതി അവരെക്കുറിച്ച് ജമാഅത്തെ ഇസ്‌ലാമിക്കല്ല, അനുഭവസ്ഥരായ ആയിരങ്ങൾക്കാണുള്ളത്. ഇത് ഒച്ചപ്പാടാവുകയും സുപ്രീം കോടതി തന്നെ പ്രശ്നത്തിൽ ഇടപെടേണ്ടിവരികയും ചെയ്തതാണ്. കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന ഹജ്ജ് നയമാവട്ടെ, ചില കുത്തക ഏജൻസികളെ വഴിവിട്ട് സഹായിക്കുന്ന വിധമാണെന്ന് ന്യായമായ പരാതിയും ഉയർന്നിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് കേന്ദ്ര സർക്കാറിനെ കക്ഷി ചേർത്ത് സുപ്രീംകോടതിയിൽ റഫീഖ് ശൈഖ് ഭീകാനും മറ്റുള്ളവരും സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തതും ജമാഅത്തെ ഇസ്‌ലാമിക്കുവേണ്ടി കേരള മുസ്‌ലിം സർവീസ് ട്രസ്റ്റ് അതിൽ കക്ഷി ചേർന്നതും. ഹജ്ജ് ക്വാട്ടയുടെ പരിധിയിൽ വരുന്ന എല്ലാവർക്കും സുഊദി കോൺസുലേറ്റിൽ നിന്ന് വിസ സ്റ്റാമ്പ് ചെയ്യുക എന്ന സേവനം കേന്ദ്ര ഹജ്ജ് കമ്മിറ്റി തന്നെ നിറവേറ്റണമെന്നും അതിനുശേഷം ഇഷ്ടമുള്ള ട്രാവൽ ഏജൻസിയെ തെരഞ്ഞെടുക്കാൻ തീർഥാടകർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നുമാണ് കേരള മുസ്‌ലിം സർവീസ് ട്രസ്റ്റ് ആവശ്യപ്പെട്ടത്. അപേക്ഷകർ ഏജൻസികൾക്ക് വെറുതെ കൊടുക്കേണ്ടിവരുന്ന വിസ സ്റ്റാമ്പിന്റെ ഭീമമായ തുകയിൽനിന്ന് അവരെ മോചിപ്പിക്കുക എന്ന സദുദ്ദേശ്യമേ ഈയാവശ്യത്തിലുള്ളൂ. അത് സാധ്യമല്ലെങ്കിൽ കാര്യക്ഷമത തെളിയിച്ച ചാരിറ്റബ്ൾ സംഘടനകളുടെ ഏജൻസികൾക്ക് മതിയായ ക്വാട്ട അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ജമാഅത്തെ ഇസ്‌ലാമിയുടെ ഹജ്ജ് ഗ്രൂപ്പിന് മാത്രം ക്വാട്ട കിട്ടാനുള്ള കുതന്ത്രമേ അല്ല. കേരള ഹജ്ജ് ഗ്രൂപ്പ് ഹജ്ജ് തീർഥാടകരെ കൊണ്ടുപോയിരുന്ന കാലത്തും 400-ൽ അധികം പേരെ അതിൽ ഉൾപ്പെടുത്തിയിട്ടില്ല.

നിരന്തരം ചൂഷണവിധേയരാവുന്നതോടൊപ്പം നേരാംവണ്ണം ഹജ്ജ് കർമം നിർവഹിക്കാനാവാതെ മടങ്ങേണ്ടിവരുന്ന ഹജ്ജ് തീർഥാടകരുടെ ഉത്തമ താൽപര്യങ്ങൾ രക്ഷിക്കാൻ ശ്രമിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കെതിരെ കുത്തക സ്വകാര്യ ഓപ്പറേറ്റർമാരുടെ ഏജന്റുമാർ നടത്തുന്ന പ്രചാരണത്തിന്റെ ഉള്ളുകള്ളി തിരിച്ചറിയപ്പെടാതെ പോവരുത്. ■